**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5369** **21-03-2025 - ൽ മറുപടിയ്ക്ക്**

**പുതുക്കോട് പഞ്ചായത്ത് ഗ്രൗണ്ട് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | 2024-25 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ പുതുക്കോട് പഞ്ചായത്ത് ഗ്രൗണ്ട് നവീകരണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (എ) | 2024-25 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിലെ അനുബന്ധം - II-ൽ ക്രമ നം. 788 ആയി തരൂർ മണ്ഡലത്തിലെ പുതുക്കോട് ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് പ്രവൃത്തിക്കായി 100 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 20% തുക തനത് വർഷത്തെ ബഡ്ജറ്റ് വിഹിതമായും വകയിരുത്തിയിരുന്നു. 15.01.2025-ലെ സർക്കാർ ഉത്തരവ് നം: 18/2025-കായുവ പ്രകാരം ടി പ്രവൃത്തിക്കായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നല്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിക്കായുള്ള സാങ്കേതികാനുമതി എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കി വരുന്നു. സാങ്കേതികാനുമതി നൽകിയാലുടൻ ദർഘാസ് നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ